II ഇ.ബി. XIII – കേരള നിയമസഭ / VII-7

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 13, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

20 (*181) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നവീകരണ വിപുലീകരണ പദ്ധതി, എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്, എം.ഒ.യു. സംവിധാനം, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്, റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് എന്നിവയെ യോജിപ്പിച്ചുകൊണ്ട് പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരണം, പെൻഡിംഗ് ഓഡിറ്റ് പൂർത്തിയാക്കൽ, പദ്ധതി അവലോകനം തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കുകയും ഇ-പേയ്മെന്റ് നടപ്പിലാക്കു

ന്നതിനും വാണിജ്യ ഇടപാടുകൾ സംബന്ധിച്ച ഡോക്യുമെന്റുകളുടെ ഡിജിറ്റൈസേഷനും റിയാബിന്റെ മേൽനോട്ടത്തിൽ നിയമനങ്ങൾ സുതാര്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഗെയിൽ ഇന്ത്യാ ലിമിറ്റഡും കെ.എസ്.ഐ.ഡി.സി.യും ചേർന്ന് കേരള ഗെയിൽഗ്യാസ് എന്ന സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് സംയുക്ത സംരംഭം ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. കൂടുതൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കാപെക്സ്, കെൽപാം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഓഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഓഡിറ്റിന് ശേഷം മാത്രമേ കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നിർബന്ധമാക്കുകയും പബ്ലിക് സെക്ടറിൽ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് പ്രൊഫഷണലി സ്കിൽഡായിട്ടുള്ള ആളുകളെ കൊണ്ടുവരാനും പ്രൊഫഷണൽ ബോർഡ് ഉണ്ടാക്കാനുമുള്ള ശ്രമം തുടരുകയും ചെയ്യുന്നതാണ്. സൗരോർജ്ജ ഉത്പാദനത്തിന് കെ.എസ്.ഐ.ഡി.സി. യുടെ തിരുവനന്തപുരം ഓഫീസിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്ന സോളാർ പവർ പ്രോജക്ട് 2013 മാർച്ച് മാസത്തോടുകൂടി കെൽട്രോൺ പൂർത്തിയാക്കുന്നതാണ്. ടി.സി.സി, ടെൽക്ക്, കെ.എസ്.ഐ.ഇ., കെ.എം.എം.എൽ., എം.സി.എൽ., കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപന

ങ്ങളിലും സിഡ്കോ, കിൻഫ്ര എന്നിവയുടെ പാർക്കുകളിലും അടുത്ത ഘട്ടം ഈ പദ്ധതി വ്യാപിപ്പിക്കും. കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ കാഷ്യു കോർപ്പറേഷനുമായി ചർച്ച ചെയ്ത് പരിഹരിക്കുമെന്നും. ടെക്സ്റ്റൈൽ മില്ലുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 60 കോടി രൂപ അനുവദിക്കുമെന്നും മലബാർ സിമന്റ്സിൽ ഇ-പ്രൊക്യൂർമെന്റും ഇ-ടെണ്ടറിംഗും നടപ്പാക്കി വളരെ സുതാര്യമായിട്ടാണ് പ്രവർത്തിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മലബാർ സിമന്റ്സുമായി ബന്ധപ്പെട്ട അഞ്ചുകേസുകളിൽ നാലെണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ സമർപ്പിച്ചിരിക്കുകയാണെന്നും ഒരു കേസ് അന്വേഷണത്തിലാണെന്നും ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

21 (*182) <u>സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി</u>

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ അതിജീവിക്കേണ്ടത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന നയങ്ങൾ ദേശീയതലത്തിൽ രൂപപ്പെടുകയാണെങ്കിൽ അവ സംസ്ഥാന സഹകരണ മേഖലയെ ബാധിക്കാതിരിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നും കാലാകാലങ്ങളിൽ ഉണ്ടാകാറുണ്ട്. സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന സമീപനങ്ങൾക്കായി

കേന്ദ്രഗവൺമെന്റ് തുടർനടപടികൾ സ്വീകരിക്കാൻ സംസ്ഥാനത്തെ എല്ലാ കേന്ദ്ര മന്ത്രിമാർക്കും എം.പിമാർക്കും കത്ത് നൽകുകയും ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. 97-ാം ഭരണ ഘടനാ (ഭേദഗതി) നിയമം, 2011 ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനത്തോടൊപ്പം സഹകരണ മേഖലയ്ക്കും ഭരണഘടനാ പരിരക്ഷ ലഭിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുമൂലം സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അംഗങ്ങളെ കൂടുതൽ പങ്കാളികളാക്കുന്നതിനും സംഘങ്ങളിൽ ക്രമമായി പൊതുയോഗം കൂടുന്നതിനും ഓഡിറ്റ് കാലാനുസൃതമാക്കുന്നതിലൂടെ സഹകരണ സംഘങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തിക്കാൻ കഴിയുമെന്നും വിലയിരുത്തിയിട്ടുണ്ട്. സഹകരണ മേഖലയെ സംരക്ഷിക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം. നബാർഡ് ചെയർമാൻ പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്തിന് ദോഷകരമായി ബാധിക്കുമെങ്കിൽ സംസ്ഥാനം അത് അംഗീകരിക്കില്ലെന്നും ഇതു സംബന്ധിച്ച് കൂട്ടായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും റബർ മാർക്കറ്റിംഗ് സൊസൈറ്റിയെ സംബന്ധിച്ച സിറിയക് കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

22(*183) <u>സൗരോർജ്ജ വൈദ്യുത പദ്ധതി</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, സൗരോർജ്ജത്തിൽ നിന്നും ഗാർഹിക ആവശ്യങ്ങൾക്കായി വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയുടെ ഉദ്ദേശിച്ച ലക്ഷ്യം

കൈവരിച്ചു വരുന്നുണ്ടെന്നും സൗരോർജ്ജ നയം ഉടൻതന്നെ പ്രഖ്യാപിക്കുമെന്നും സഭയെ അറിയിച്ചു. വികേന്ദ്രീകൃത ഊർജ്ജോത്പാദനത്തിൽ സൗരോർജ്ജത്തിനുള്ള സാധ്യത കണക്കിലെടുത്ത് കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം നടപ്പിലാക്കുന്ന ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ ഓഫ്-ഗ്രിഡ് പദ്ധതിക്ക് അനുസൃതമായി അനെർട്ട് ഒരു കിലോവാട്ട് ശേഷിയുള്ള ഓഫ്-ഗ്രിഡ് സൗരോർജ്ജ വൈദ്യുത പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും അതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള 10000 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് 92,262/- രൂപ കേന്ദ്ര-സംസ്ഥാന സബ്സിഡിയായി ലഭിക്കും. സൗരോർജ്ജ വൈദ്യുത പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനെർട്ട് പരസ്യപ്പെടുത്തുകയും അതിനുള്ള രജിസ്ട്രേഷൻ നടന്നു വരികയുമാണ്. കേന്ദ്ര ഗവൺമെന്റ് എംപാനൽ ചെയ്ത കമ്പനികളിൽ നിന്ന് ഇതിനാവശ്യമായ മെറ്റീരിയൽസ് വാങ്ങിയാൽ മാത്രമേ എം.എൻ.ആർ.ഇ-യുടെ 30 ശതമാനം സബ്സിഡി ലഭിക്കുകയുള്ളൂ. കാറ്റിൽനിന്ന് വൈദ്യുതി ഉത്പാദിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ബ്രഹ്മപുരം ഡീസൽ പ്ലാന്റിൽ എൽ.എൻ.ജി. ഉപയോഗിച്ച് 300 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എൻ.ടി.പി.സി-യുമായി 200 മെഗാവാട്ടിനുവേണ്ടിയുള്ള ഒരു എം.ഒ.യു ഒപ്പിട്ടിട്ടുണ്ട്. ഗ്രിഡ് കണക്ടഡ് സ്കീമിന്റെ ഭാഗമായി കെ.എസ്.ഇ.ബി. എല്ലാ ഗവൺമെന്റ് ഓഫീസുകളിലും മറ്റുമായി 375 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ

കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആർ.ജി.ജി.വി.വൈ പദ്ധതി സതേൺ ഡിസ്ട്രിക്റ്റുകൾക്കുകൂടി അനുവദിച്ചതിനാൽ കാലതാമസമില്ലാതെ വൈദ്യതിയില്ലാത്ത എല്ലാ വീടുകളും വൈദ്യുതീകരിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

23(*184) <u>തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം</u>

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം ആയതിനാലും മുൻപദ്ധതികളിൽനിന്നും വിഭിന്നമായി പ്രോജക്ടുകൾ ഓൺലൈനായി അംഗീകരിക്കുക എന്ന സംവിധാനം നടപ്പിലാക്കിയതിനാലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത രീതിയുമായി പരിചയപ്പെടുന്നതിന് നേരിയ കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എന്നാൽ പ്രോജക്ട് പരിശോധനയും അംഗീകാരവും ഓൺലൈനായി ഉദ്യോഗസ്ഥർ മുഖേന നടത്തിയതിനാൽ അക്കാര്യത്തിൽ കാലതാമസം കുറഞ്ഞിട്ടുണ്ട്. ഇതുവരെ 1209 തദ്ദേശഭരണ സ്ഥാപനങ്ങൾ 187958 പ്രോജക്ടുകൾ രൂപീകരിക്കുകയും 1208 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 181969 പ്രോജക്ടുകളുടെ അംഗീകാര നടപടികൾ പൂർത്തീകരിക്കുകയും ബാക്കിവരുന്ന പദ്ധതികൾ അംഗീകാരത്തിനും അപ്പീലിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1101 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകാരത്തിനായി പദ്ധതി രേഖയും മറ്റ് അനുബന്ധങ്ങളും ഓൺലൈനായി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും അതിൽ 784-ൽപ്പരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ

ഏകദേശം 1.13 ലക്ഷത്തിൽപ്പരം പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 38% തുക 2012 ഡിസംബർ 31 നകം ചെലവഴിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതം മുഴുവനായി കൊടുത്തു കൊണ്ട് നടപ്പുസാമ്പത്തിക വർഷം പരമാവധി തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ചു വരികയാണെന്ന് മന്ത്രി അറിയിച്ചു

(നക്ഷത്രചിഹ്നമിട്ട ബാക്കി 185 മുതൽ 210 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2230 മുതൽ 2519 വരെയുള്ള ചോദ്യങ്ങളിൽ 116 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.